കെ.എസ്.എ.പി.റ്റി.എ-പി8/1007/19 തീയതി :13.12.2019

# പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 16.01.2019 മുതൽ 26.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 16 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2018 ആഗസ്റ്റ് മാസം 15-ാം തീയതിയിലുണ്ടായ പ്രളയത്തിൽ പഞ്ചായത്ത് പ്രദേശത്ത് വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടാകുകയും പഞ്ചായത്ത് ഓഫീസിലും അസിസ്റ്റന്റ് എൻജിനീയർ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലും സൂക്ഷിച്ചിരുന്ന ഫയലുകളും അനുബന്ധ രേഖകളും ഓഫീസ് ഉപകരണങ്ങളും വീണ്ടെടുക്കാൻ സാധിക്കാത്ത രീതിയിൽ നഷ്ടപ്പെടുകയുമുണ്ടായി. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളും ഓൺലൈൻ രേഖകളും (വാർഷിക റിപ്പോർട്ട്, സകർമ്മ

മുതലായവ) പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടേയും നിരീക്ഷണങ്ങളുടെ കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **പി.കെ. വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2019മുതൽ 27.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി എസ്. സ്മിത,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി. സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ബി.ഹരികുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ആശ എം.കുരുവിള, ഓഡിറ്റർ |

## ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എൽസി ക്രിസ്റ്റഫർ | 01.04.2018മുതൽ 31.03.2019വരെ |

| | | |
|---|---|---|
| **സെക്രട്ടറി** | ശ്രീ. കെ.എൻ.രാധാകൃഷ്ണൻ നായർ | 01.04.2018മുതൽ 21.06.2018വരെ |
| | ശ്രീ. റ്റി.ജി.പ്രദീപ് | 6.2018 മുതൽ22.0 31.03.2019 വരെ |
| **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. റീന തോമസ് | 01.04.2018 മുതൽ 04.10.18 വരെ |
| | ശ്രീ. എച്ച്.ഹരിലാൽ | 8 മുതൽ 05.10.201 07.03.19 വരെ |
| | ശ്രീ. ഇ.ആർ.അപ്പുക്കുട്ടൻ | 08.03.2019 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ജയശ്രീ ഭാസ്കർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ആർ.ചിത്ര | 01.04.2018 മുതൽ 12.06.2018 a.m വരെ |
| | ഡോ.സുജ ആർ | 12.06.2018 p.m മുതൽ 31.03.19 |

| | | |
|---|---|---|
| | | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി പി.ശ്രീലേഖ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലതകുമാരി | 01.04.2018 മുതൽ 15.07.2018 വരെ |
| | ശ്രീമതി എൽ. പ്രേമ | 16.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.ജിമ്മിദാസ് വൈ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി ഡയാന എസ്.ജി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ജേക്കബ് ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ശ്രീമതി ശ്രീദേവി എൻ നമ്പൂതിരി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.മിനി എം.ആർ. | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി അജിത ദേവി പി | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഒാഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓൺലൈൻ വസ്തു നികുതി അടവാക്കുന്നതിലെ പിഴവ് - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-12 |

| | | |
|---|---|---|
| 13 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ | 1-13 |
| 14 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 1-14 |
| 15 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല | 1-15 |
| 16 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 1-17 |
| 18 | അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീ ഈടാക്കത്തതിനാൽ വരുമാന നഷ്ടം | 1-18 |
| 19 | ഗ്രാമപഞ്ചായത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു | 1-19 |
| 20 | വിനിയോഗത്തിലെ കുറവ് മൂലം പഞ്ചായത്തിന് നഷ്ടപ്പെട്ടത് 74.83 ലക്ഷം രൂപ | 1-20 |

| | | |
|---|---|---|
| 21 | പ്രോജക്റ്റുകളുടെ ആധിക്യം- ചെലവ് കുറയുന്നു | 1-21 |
| 22 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല | 1-22 |
| 23 | വാട്ടർ ചാർജ്ജ് കുടിശ്ശിക-ഒടുക്കാനുള്ളത് 63.07 ലക്ഷം രൂപ | 1-23 |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തുന്നതിന് ഫലപ്രദമായ നടപടികളില്ല | 1-24 |
| 25 | സാക്ഷരതാ മിഷൻ പ്രേരകമാർക്ക് ഓണറേറിയം - തുക തിരികെ ഈടാക്കേണ്ടതാണ് | 1-25 |
| 26 | എബിസി പ്രോഗ്രാം - വിനിയോഗ രേഖകളില്ല | 1-26 |
| 27 | ഗുണഭോക്താവിന്റേതല്ലാത്ത അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തു | 1-27 |
| 28 | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-28 |
| 29 | മരുന്നു വാങ്ങൽ പ്രൊജക്റ്റുകൾ ലക്ഷ്യം കൈവരിക്കുന്നില്ല | 1-29 |
| 30 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായങ്ങൾ- അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നില്ല | 1-30 |

| | | |
|---|---|---|
| 31 | ജെൻഡർ റിസോഴ്സ് സെന്റർ അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി | 1-31 |
| 32 | പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു | 1-32 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | - ഇല്ല - | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | - ഇല്ല - | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 38 | സ്ഥിര നിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018-ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിരുന്നു. പരിഷ്കരിച്ച ബജറ്റ് 20.02.2019 -ലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 17.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4866917 |
| വരവ് | 47387292 |
| ആകെ | 52254209 |
| ചെലവ് | 41206210 |
| നീക്കിയിരിപ്പ് | 11047999 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 9803019 | 9803019 | 9445139 | 357880 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 3194000 | 3194000 | 2305480 | 888520 |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 76000 | 76000 | 76000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 8748000 | 8748000 | 7245164 | 1502836 |

| | | | | | |
|---|---|---|---|---|---|
| മെയിനൻസ് ഗ്രാന്റ് - നോൺറോഡ് | 0 | 2780000 | 2780000 | 1955459 | 824541 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6309393 | 6309393 | 2399323 | 3910070 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 266932 | 9581856 | 9848788 | 8217588 | 1631200 |
| എം.എൻ.ആർ.ഇ. ജി.എസ്. | 9684 | 10951318 | 10961002 | 10904603 | 56399 |
| ട്രഷറി റ്റി.എസ്.ബി. ജോയിന്റ് വെഞ്ചർ | 500165 | 6734811 | 7234976 | 1671110 | 5563866 |
| കറന്റ് അക്കൗണ്ട് (SBI-E payment) | 40912 | 283790 | 324702 | 44296 | 280406 |
| ബി-ഫണ്ട് | | 16080 | 16080 | 16080 | 0 |
| തനത് ഫണ്ട്(ജില്ലാ സഹകരണബാങ്ക്) | 3962833 | 8379702 | 12342535 | 8904224 | 3438311 |
| 10B-പെൻഷൻ | 1144 | 0 | 1144 | 0 | 1144 |
| സാക്ഷരത | 306 | 0 | 306 | 0 | 306 |
| ട്രഷറി പി എഫ് | 522 | 0 | 522 | 0 | 522 |
| ദുരിതാശ്വാസനിധി | 5897 | 118 | 6015 | 0 | 6015 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 50194853 | 113 | 27199625 | - | 68 | 62 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9684 | 297318 | 307002 | 250603 | 56399 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10654000 | 10654000 | 10654000 | 0 |
| ആകെ | 9684 | 10951318 | 10961002 | 10904603 | 56399 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 80 | 1101200 |
| വാർദ്ധക്യകാല പെൻഷൻ | 1051 | 13879200 |
| വിധവാ പെൻഷൻ | 484 | 5945200 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16 | 186000 |
| വികലാംഗ പെൻഷൻ | 138 | 1720700 |
| തൊഴിൽ രഹിത വേതനം | 6 | 16080 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2019 തീയതിയിൽ 12-മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2321രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമാണ്. വൗച്ചറുകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ, പെർമിറ്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, ലേല രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി

സൂക്ഷിക്കുന്നു. സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.

2) പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

**3)** 31.10.2017 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്ട്സ് ക്ലോസ് ചെയ്ത് ബന്ധപ്പെട്ടവർക്ക് തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

**4)** പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കുവാൻ പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നടപ്പിലായിട്ടില്ല. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾ അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ )ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ആയത് പാലിക്കപ്പെട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

6) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ഗ്രാമസഭകളിലെ ജനപങ്കാളിത്തം കുറവാണ്.

ധനകാര്യ ഇടപാടുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കുകയും ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2019 ഒക്ടോബർ 18,19 | ഏപ്രിൽ-സെപ്റ്റംബർ 2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.14-03.03.2014 | 2008-09 മുതൽ 2012-13 വരെ | 03.05.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. ഷെഡ്യൂൾ ബി-2:-പഞ്ചായത്ത് ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല
2. ഷെഡ്യൂൾ ബി-7, ആർ.പി-34:-ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ലാത്തതിനാൽ ഈയിനത്തിലുള്ള വരവ്, ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

3. ഷെഡ്യൂൾ ബി-9:- വാട്ടർ അതോറിറ്റിയുടെ മാർച്ച് മാസത്തിലെ ബിൽ പ്രകാരം വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ 7047129 രൂപയും തൻമാസത്തെ ഫൈൻ ഇനത്തിൽ 138192 രൂപയും ഗ്രാമപഞ്ചായത്ത് ഒടുക്കുവാനുണ്ട്. ഈ ബാധ്യത അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

4. ഷെഡ്യൂൾ ബി-11:- ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല.

5. ഷെഡ്യൂൾ ബി-17:- നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള ഐ.ഒ.ബി, ജില്ലാ സഹകരണ ബാങ്ക് (സാക്ഷരത), ട്രഷറി(വി.പി.എഫ്.എ) അക്കൗണ്ടുകൾ സംബന്ധിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. നിലവിലില്ലാത്ത അക്കൗണ്ടുകൾ ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

6. ഷെഡ്യൂൾ ബി-18:- കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി അഡ്വാൻസ് നൽകിയതും കറന്റ് അസറ്റ് ആയി ഉൾപ്പെടുത്തിയിരുന്നതുമായ തുകയിൽ നിന്നും 103030 രൂപ കുറയ്ക്കുകയും ഫിക്സഡ് അസ്സറ്റിൽ തത്തുല്യമായ തുക കൂട്ടുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

7. ഷെഡ്യൂൾ ഐ 6;- വികസന ഫണ്ടിൽ നിന്നുള്ള മുഴുവൻ ചെലവും റവന്യൂ ചെലവായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ആസ്തികൾ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേയ്ക്ക് മാറ്റിയിട്ടില്ല.

8. ഷെഡ്യൂൾ ഐ 12(b):- വാട്ടർ ചാർജ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയുടെ 439334 രൂപ അക്കൗണ്ടിംഗ് കൃത്യമല്ല

9. ഷെഡ്യൂൾ ആർ.പി 7:- വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 30000 രൂപ വരവും ചെലവും ഉണ്ട്. ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

10. ഷെഡ്യൂൾ ബി 8:-Advance to others-എം.ജി.എൻ.ആർ.ഇ.ജി.എസ്. -ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക കൃത്യമല്ല. (തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത്-458119,

ക്രമീകരിച്ചത്-124133, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക- 419619)

## 1-12 ഓൺലൈൻ വസ്തു നികുതി അടവാക്കുന്നതിലെ പിഴവ് - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്തിൽ എസ്.ബി.ഐ. കോഴഞ്ചേരി ബ്രാഞ്ചിൽ ഒരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 37113884910) തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ തുകകൾ അടവാക്കിയ വ്യക്തികളുടെ പേരിനു പകരം BulkPosting-IKM EPay എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ദിവസം തന്നെ ഒന്നിലധികം പ്രാവശ്യം ഇപ്രകാരമുള്ള രീതിയിൽ പാസ്സ് ബുക്കിൽ രേഖപ്പെടുത്തൽ നടത്തിയിട്ടുണ്ട്. ഈ തുകകൾ IKM-EPay എന്ന് രേഖപ്പെടുത്തുന്നതിനും ലഭിച്ച തുകകളെല്ലാം അടവാക്കിയ വ്യക്തിയുടെ അക്കൗണ്ട് നമ്പർ ഉൾപ്പെടെ ഒരേ ദിവസം സംയുക്തമായി രേഖപ്പെടുത്തുന്നതിനും പകരം ഒന്നിലധികം തവണ രേഖപ്പെടുത്തലുകൾ വന്നതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (13/25.11.2019) സെക്രട്ടറി നൽകിയ മറുപടി താഴെപ്പറയും പ്രകാരമാണ്.

ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ ഓൺലൈൻ വസ്തുനികുതിയ്ക്കുള്ള സോഫ്റ്റ്വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നത് ഐ.കെ.എം. ൽ നിന്നും ട്രാൻസഫർ ചെയ്യുമ്പോൾ മാത്രമാണ്.

ഈ സാങ്കേതിക പിഴവ് മൂലം ലോക്കൽ സാംഖ്യയും സഞ്ചയയിലെ വസ്തുനികുതിയും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. പല ദിവസങ്ങളിലും ഭീമമായ അന്തരമുണ്ടാകുന്നു. സഞ്ചയാ മുഖേന ഓൺലൈൻ പേമെന്റ് അടവാക്കുന്ന അന്നുതന്നെ പഞ്ചായത്തിന് തുക ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. അപാകതയിന്മേൽ ഭരണതലത്തിലും വകുപ്പ് തലത്തിലും പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധയിൽപ്പെടുത്തുന്നു. ഏതാനും ദിവസത്തെ വരവ്തുകകളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

<u>പഞ്ചായത്തിലെ പാസ്സ് ബുക്ക് പ്രകാരമുള്ള വിവരം</u>

| അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി | പാസ്സ് ബുക്ക് രേഖപ്പെടുത്തൽ | അടച്ച തുക |
|---|---|---|
| 11.01.2019 | Bulk Posting – IKM EPay | 712 |
| 11.01.2019 | ” | 822 |
| 11.01.2019 | ” | 1,272 |
| 21.01.2019 | ” | 3,280 |
| 05.02.2019 | ” | 2,735 |
| 19.02.2019 | ” | 3,555 |
| 12.03.2019 | ” | 1,789 |
| 30.03.2019 | ” | 20,034 |

മുകളിൽ കാണിച്ചിരിക്കുന്ന ടേബിളിൽ സമർപ്പിച്ച തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവായതിൻെറ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് തീയതി | അടച്ച ആളിന്റെ പേര | തുക | റിമാർക്സ് |
|---|---|---|---|
| 31.12.2018 | കെ.ആർ. അജികുമാർ | 712 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രെഡിറ്റ് ആയത് 11.01.2019-ൽ മാത്രമാണ്. |
| 29.12.2018 | തോമസ് വർഗ്ഗീസ് & സൂസ്സൻ തോമസ് | 822 | ” |

| | | | |
|---|---|---|---|
| 02.01.2019 | തോമസ് വി. ജോൺ | 1,272 | ” |
| 04.01.2019 | ജേക്കബ് തോമസ് | 3,280 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 21.01.2019-ൽ മാത്രമാണ്. |
| 22.01.2019 | ജോർജ്ജ് ജോൺ | 2,735 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 05.02.2019-ൽ മാത്രമാണ്. |
| 01.02.2019 | തോമസ് മാത്യു | 3,555 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 19.02.2019-ൽ മാത്രമാണ്. |
| 13.02.2019 | അബ്രഹാം കുര്യൻ | 1,789 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 12.03.2019-ൽ മാത്രമാണ്. |
| 16.03.2019 | അജി കെ. ജോൺസൺ | 20,034 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 30.03.2019-ൽ മാത്രമാണ്. |

ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതിയുടെ അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതുകൊണ്ട് പലിശ ഇനത്തിൽ പഞ്ചായത്തിന് യാതൊരു തുകയും ലഭിക്കുന്നില്ല. ആയതിനാൽ കൃത്യമായ ഇടവേളകളിൽ ഈ അക്കൗണ്ടിലെ തുക പിൻവലിച്ച് തനത് ഫണ്ടിൽ ചേർക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വ്യാപാര സ്ഥാപനങ്ങൾക്കായുള്ള ലൈസൻസ് - അപാകതകൾ

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷം വരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 698 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2018-19ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം 12 കെട്ടിടങ്ങൾ ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടക്കുന്നതിനാൽ അവയ്ക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 686 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യതയുണ്ടെന്ന് വിലയിരുത്തുന്നു. എന്നാൽ ഓഡിറ്റ് വർഷത്തിൽ 149 പേർക്ക് മാത്രമാണ് വ്യാപാരത്തിനായി ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 236 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 450 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തിയതിന് ഉള്ള സാധ്യത ഉണ്ടെന്ന് കാണാം. 1994-ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. പഞ്ചായത്ത് പരിസരത്ത് തന്നെ പല സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. പെട്രോൾ പമ്പ്-മാരാമൺ, റെയിൻ ബോ സ്റ്റുഡിയോ, ഷോൾഡേഴ്സ് ഇൻ മൾട്ടി ജിം & ഫിറ്റ്നസ് സെന്റർ, അബിൻ എബ്രഹാം & അസോസിയേറ്റ്സ് ചാർട്ടേഡ് അക്കൗണ്ട്സ് തുടങ്ങിയ സ്ഥാപനങ്ങൾ ഉദാഹരണങ്ങളാണ്. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്.

പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായ-ഓഫീസ് ആവശ്യങ്ങൾക്കായി

പ്രവർത്തിച്ച 742 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയശേഷം ഫീൽഡ് തലത്തിലുള്ള അന്വേഷണത്തിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസിൻ്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-14 വരുമാന മാർഗ്ഗങ്ങളുള്ള തൊഴിലിൽ ഏർപ്പെട്ട എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നം. 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും ക്രമ നമ്പർ 2ൽ സൂചിപ്പിച്ച ഫോറം 2ലെ

വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നല്കേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസ്സ്സ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ വാണിജ്യ/ വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 698 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്, 45 കെട്ടിടങ്ങൾ ഓഫീസ് ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയുമാണ്. ഇതിൽ 12 കെട്ടിടങ്ങൾക്ക് 2018-19 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 641 കെട്ടിടങ്ങൾ നിലവിൽ വാണിജ്യാവശ്യങ്ങൾക്ക്/സേവനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണെന്ന് കാണാം. എന്നാൽ ട്രഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 149 ഡിമാന്റുകളിൽ നിന്ന് മാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. അതായത് അവശേഷിക്കുന്ന 492 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി

പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 686 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരമാവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതി ഇനത്തിൽ ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്ന് വിലയിരുത്തുന്നു.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടേത് മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അവയുടെ മൂലധന അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ട്രേഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു കൂടാതെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. ലൈസൻസ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ബാധകമാക്കാനും അതുവഴി തൊഴിൽ നികുതി വരുമാനം കൂടി വർദ്ധിപ്പിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രകൃയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4. ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.
മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ

നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-15 റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല

(എ) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (10/23.11.19) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

റേഷൻകടകളിൽ നിന്നും എഫ്.റ്റി.ഇ.എ.ഒ.എസ്. ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരകർഷക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. പേരുവിവരം ചുവടെ ചേർക്കുന്നു.

1. ചരൽകുന്ന് ക്ഷീരകർഷക സംഘം.

2. കുറിയന്നൂർ ക്ഷീരകർഷക സംഘം.

3. നെടുംപ്രയാർ ക്ഷീരകർഷക സംഘം.

4. വെള്ളങ്ങൂർ ക്ഷീരകർഷക സംഘം.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള (നം.2/20.11.19) മറുപടിയിൽ അധികൃതർ വ്യക്തമാക്കി. ഈ സാമ്പത്തിക വർഷം പഞ്ചായത്തിൽ പ്രവർത്തികൾക്ക് കരാർ ഏറ്റെടുത്ത കോൺട്രാക്ടർമരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1. | ജോസഫ് തോമസ് |
| 2. | എം. ഹരിഹരൻ |
| 3. | ബാലചന്ദ്രൻ നായർ എം.വി. |

| | |
|---|---|
| 4. | സബികുമാർ പി. |
| 5. | സതീഷ് കുമാർ വി. |
| 6. | കെ. വി. രവീന്ദ്രനാഥൻ നായർ |
| 7. | റോബിൻ കെ. മാത്യു |
| 8. | റ്റി.ജി. ദിവാകരൻ നായർ |
| 9. | മാത്യു പി. ജേക്കബ് |
| 10. | കെ.പി. ജോൺ |
| 11. | മോഹൻ കുമാർ ബി. |
| 12. | ജെ. ചാണ്ടി |
| 13. | റെനി കുര്യൻ |
| 14. | ജെൻസൺ പാപ്പി |
| 15. | ബിജോയി കുര്യൻ അലക്സാണ്ടർ |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകൾ ലഭ്യമാക്കിയില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-17 ടെണ്ടർ ഫീസ് നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല

2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയ പ്രത്യേക അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ | പങ്കെടുത്ത കരാറുകാർ | ടെൻഡർ ഫീസ് | ജി.എസ്.റ്റി. | ആകെ |
|---|---|---|---|---|---|---|
| 1. | 64/18-19 | 532000 | 1 | 1064 | 128 | 1192 |
| 2. | 69/18-19 | 560000 | 3 | 3360 (1120*3) | 402 | 3762 |
| 3. | 77/18-19 | 800000 | 2 | 3200 | 384 | 3584 |
| 4. | 78/18-19 | 730000 | 2 | 2920 | 350 | 3270 |
| 5. | 81/18-19 | 500000 | 1 | 1000 | 120 | 1120 |
| 6. | 87/18-19 | 660000 | 1 | 1320 | 158 | 1478 |
| 7. | 103/18-19 | 716000 | 8 | 11456 | 1376 | 12832 |
| 8. | 119/18-19 | 500000 | 3 | 3000 | 360 | 3360 |
| 9. | 108/18-19 | 728000 | 2 | 2912 | 350 | 3262 |
| ആകെ | | | | 30232 | 3628 | 33860 |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും SBI യിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല.

## 1-18 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചതിന് പെർമിറ്റ് ഫീ ഈടാക്കാത്തതിനാൽ വരുമാന നഷ്ടം

2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 136, 137(4) എന്നിവ പ്രകാരം, കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ, പെർമിറ്റ് പുതിയതായി അനുവദിക്കേണ്ടവയുടെ കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയപ്പോൾ പെർമിറ്റ് ഫീസ് ഈടാക്കാതെ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയതെന്ന് ഫയലിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3, തീയതി 20.11.2019) സെക്രട്ടറി നൽകിയ മറുപടിയിൽ ക്രമവൽക്കരണത്തിനുള്ള അപേക്ഷയ്ക്കൊപ്പം ഒരു പുതിയ പെർമിറ്റിനു വേണ്ടിയുള്ള അപേക്ഷ കൂടി സമർപ്പിച്ചെങ്കിലേ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുള്ളൂ എന്നും ഈ കെട്ടിടങ്ങളെല്ലാം തന്നെ പണി പൂർത്തിയായതിനു ശേഷം രാജിയാക്കൽ അപേക്ഷ നൽകിയതിനാൽ പെർമിറ്റ് ഫീ ഈടാക്കേണ്ടതില്ല എന്നും ആണ് അറിയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ (RD) വകുപ്പ് സെക്രട്ടറിയുടെ 229813/RD2/2015/ത.സ്വ.ഭ.വ നം. കത്ത് പ്രകാരം ഡയറക്ടർക്ക് ഇത് സംബന്ധിച്ച് നൽകിയ സ്പഷ്ടീകരണത്തിൽ ഒരിക്കൽ പെർമിറ്റെടുത്തശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പെർമിറ്റ് എടുക്കാതെ പണി പൂർത്തീകരിച്ച കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുമ്പോൾ പെർമിറ്റിനുള്ള അപേക്ഷ നൽകിയില്ലെങ്കിലും പെർമിറ്റ് ഫീ കൂടി ഈടാക്കേണ്ടതാണ്.

| ക്രമ നം | അപേക്ഷകന്റെ പേര്, കെട്ടിടത്തിന്റെ വിസ്തീർണ്ണം | വിനിയോഗ ക്രമം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ശ്രീ.കെ.സി.തോമസ്& മറിയാമ്മാ തോമസ് | പാർപ്പിടം | <u>രാജിയാക്കൽ ഫീസ്</u> | <u>പെർമിറ്റ് ഫീസ്</u> | **1215** |

| | | | | | |
|---|---|---|---|---|---|
| | നെല്ലിമൂട്ടിൽഹൗസ്, കുറിയന്നൂർ<br><br>357സ്ക്വ.മീ, കെട്ടിട no.VII/618(D)<br><br>23.94 സ്ക്വ.മീ, കെട്ടിട no.VII/618(E) | | 357 x 6 = 2142<br><br>23.94 x 3 = 71.82 | 357x3=1071<br><br>23.94x3=71.82<br><br><u>രാജിയാക്കൽ ഫീസ്</u><br><br>357x6 =2142<br><br>23.94x6=143.64 | |
| | | | ആകെ = 2213.82 | ആകെ = 3428.46 | |
| 2 | ശ്രീ. സുരാജ്. ആർ, മേപ്പിലാങ്കൽ വീട്<br><br>തോട്ടപ്പുഴശ്ശേരി, മാരാമൺ<br><br>264.66 സ്ക്വ. മീ | പാർപ്പിടം | <u>രാജിയാക്കൽ ഫീസ്</u><br><br>264.66x 6 = 1587.96 | <u>പെർമിറ്റ് ഫീസ്</u><br><br>264.66x3 = 793.98<br><br><u>രാജിയാക്കൽ ഫീസ്</u><br><br>264.66x6= 1587.96 | **794** |
| | | | 1587.96 | 2381.94 | |
| 3 | ശ്രീ. അനിൽകുമാർ& ലത.എസ്<br><br>കുളങ്ങരയ്ക്കൽ പൊൻമേലിൽ ഹൗസ്, ചെട്ടിമുക്ക് | പാർപ്പിടം | <u>രാജിയാക്കൽ ഫീസ്</u><br><br>250.26x 6 = 1501.56 | <u>പെർമിറ്റ് ഫീസ്</u><br><br>250.26x3 = 750.78 | **751** |

| | | | | | |
|---|---|---|---|---|---|
| | 250.26 സ്ക്വ. മീ | | | <u>രാജിയാക്കൽ ഫീസ്</u><br>250.26x 6 = 1501.56 | |
| | | | 1501.56 | 2252.34 | |
| 4 | ശ്രീ. തങ്കച്ചൻ.പി.കെ, പൊയ്കയിൽ ചെറുകരോട്ട്, തോണിപ്പുഴ | പാർപ്പിടം | <u>രാജിയാക്കൽ ഫീസ്</u><br>240.95x 6 = 1445.70 | <u>പെർമിറ്റ് ഫീസ്</u><br>240.95x3 = 722.85<br><u>രാജിയാക്കൽ ഫീസ്</u><br>240.95x 6 = 1445.70 | **723** |
| | | | 1445.70 | 2168.55 | |
| 5 | ശ്രീ. ലിതിൻ തോമസ്,<br>മൈലയ്ക്കൽ ഹൗസ്, തോണിപ്പുഴ | വാണിജ്യം<br>പാർപ്പിടം | <u>രാജിയാക്കൽ ഫീസ്</u><br>29.4 x 10 = 294<br>99.94 x 6 = 599.64 | <u>പെർമിറ്റ് ഫീസ്</u><br>29.4x5=147<br>99.94x3=299.82<br><u>രാജിയാക്കൽ ഫീസ്</u><br>29.4 x 10 = 294 | **447** |

| | | | | | |
|---|---|---|---|---|---|
| | | | | 99.94 x 6 = 599.64 | |
| | | | 893.64 | 1340.46 | |
| 6 | ശ്രീ. ജോർജ് കോശി, ചെറുവട്ടോലിൽ<br>നെടുംപ്രയാർ | പാർപ്പിടം | <u>രാജിയാക്കൽ ഫീസ്</u><br>194.94x 6 = 1169.64 | <u>പെർമിറ്റ് ഫീസ്</u><br>194.94x3 = 584.82<br><u>രാജിയാക്കൽ ഫീസ്</u><br>194.94x 6 = 1169.64 | **585** |
| | | | 1169.64 | 1754.46 | |
| 7 | ശ്രീ. മാനുവെൽ.പി. ഫിലിപ്പ്<br>പറമ്പിൽ, കുറിയന്നൂർ | വാണിജ്യം | <u>രാജിയാക്കൽ ഫീസ്</u><br>92.51x 10 = 925.10 | <u>പെർമിറ്റ് ഫീസ്</u><br>92.51x5 = 462.55<br><u>രാജിയാക്കൽ ഫീസ്</u><br>92.51x 10 = 925.10 | **463** |
| | | | 925.10 | 1387.65 | |
| 8 | ശ്രീ.ഷൈൻ.ടി.സന്തോഷ്, | പാർപ്പിടം | <u>രാജിയാക്കൽ ഫീസ്</u> | <u>പെർമിറ്റ് ഫീസ്</u> | **707** |

| | | | | | |
|---|---|---|---|---|---|
| | തുരുത്തിപ്പള്ളിൽ, കുറിയന്നൂർ | | 235.71x 6 = 1414.2 | 235.71x 3 = 707.1<br><br><u>രാജിയാക്കൽ ഫീസ്</u><br><br>235.71x 6 = 1414.2 | |
| | | | 1414.2 | 2121.3 | |
| 9 | ശ്രീ.കുര്യൻ ഫിലിപ്പ്<br><br>അരങ്ങാട്ട് ഹൗസ്, വരയന്നൂർ | പാർപ്പിടം | <u>രാജിയാക്കൽ ഫീസ്</u><br><br>113.01x 6 = 678.06 | <u>പെർമിറ്റ് ഫീസ്</u><br><br>113.01x 3 = 339.03<br><br><u>രാജിയാക്കൽ ഫീസ്</u><br><br>113.01x 6 = 678.06 | **339** |
| | | | 678.06 | 1017.09 | |
| | ആകെ കുറവ് | | | | **6024** |

പെർമിറ്റ് എടുക്കാതെ നിർമ്മിച്ച ഈ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയപ്പോൾ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ 6024 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു

തനത് വരുമാനം തീരെ കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ മോശമായ നികുതി/നികുതിയേതര വരവുകളിലുള്ള പഞ്ചായത്തിന്റെ, എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല.

ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 2969000 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 40.8 ലക്ഷം രൂപയാണ്.

| വരവ് | രൂ. | ചെലവ് | രൂ. |
|---|---|---|---|
| നികുതി വരുമാനം | 4259966 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 9308646 |
| നികുതിയേതരം | 878646 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 729449 |
| ജനറൽ പർപ്പസ് ഫണ്ട് | 6477050 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2305580 |
| | | ബാങ്ക് ചാർജ്ജസ് | 610 |
| | | ഫ്ലഡ് -ചെലവ് | 1699328 |
| | | പ്രോജക്ട് പ്രകാരം ചെലവഴിച്ചത് | 1655466 |

| | | | |
|---|---|---|---|
| **ആകെ** | **11615662** | **ആകെ** | **15699079** |
| | | **കമ്മി** | **(-)4083417** |

സർക്കാരിൽ നിന്നും മറ്റ് നിർവ്വഹണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതും ഗ്രാമപഞ്ചായത്തിന് ബാധ്യതയായി നിൽക്കുന്നതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ | 534079 |
| എം.എൻ. ലക്ഷം വീട് | 175000 |
| ഷീപാഡ് പദ്ധതി- തിരികെ ലഭിച്ച വിഹിതം | 229572 |
| വിമുക്തി | 42275 |
| ശുചിത്വമിഷൻ ഫണ്ട്(സാനിട്ടേഷൻ) | 1353997 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 541280 |
| ആരോഗ്യ കേരളം അവാർഡ് തുക | 500000 |
| ഇ.എം.ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക | 249316 |
| ആകെ | 3625519 |

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് (14.11.19) 3814998 രൂപ മാത്രമാണ്. തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന മറ്റു ഫണ്ടുകൾ വകമാറ്റിയാണ് ഗ്രാമപഞ്ചായത്ത് ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നത്. ഇതു കൂടാതെ സ്ട്രീറ്റ്ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ 63.07 ലക്ഷം രൂപ കുടിശ്ശിക ഒടുക്ക് വരുത്താനുണ്ട്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്നത്.

ഗ്രാമപഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തിക സ്ഥിതി വാർഷിക പദ്ധതികളിൽ വികസന/ ക്ഷേമ പദ്ധതികൾക്ക് തനത് ഫണ്ട് വകയിരുത്തുന്നതിന് കഴിയാത്ത അവസ്ഥയാണ്. 2018-19 വർഷം 38.83 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഫണ്ടിന്റെ അഭാവം മൂലം 16.55 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാനായത്. 2018 ആഗസ്റ്റിലുണ്ടായ വെള്ളപ്പൊക്കം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളേയും ഗുരുതരമായി ബാധിച്ചു. ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉപകരണങ്ങളും ഫയലുകളും ഉപയോഗശൂന്യമായി. ഇതുമൂലം 20 ലക്ഷത്തോളം രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാവാത്തതുമുലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതും ഗാർഹിക കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതുമാണ്. ടെണ്ടർ ഫീസ് ഇനത്തിൽ തിരികെ ലഭിക്കുവാനുള്ള തുക അടിയന്തിരമായി തിരികെ ഈടാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വിനിയോഗത്തിലെ കുറവ് മൂലം പഞ്ചായത്തിന് നഷ്ടപ്പെട്ടത് 74.83 ലക്ഷം രൂപ

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും അവ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതിലും ഉണ്ടായ വീഴ്ച മൂലം 2018-19 സാമ്പത്തിക വർഷം 7483847 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ അവശേഷിച്ച തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലഭ്യമായ തുക | ചെലവ് | നീക്കിയരിപ്പ്/ ലാപ്സായ തുക |
|---|---|---|---|

| | | | |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 9803019 | 9445139 | 357880 |
| വികസന ഫണ്ട് (എസ്.സി.പി) | 3194000 | 2305480 | 888520 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 8748000 | 7245164 | 1502836 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 2780000 | 1955459 | 824541 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 6309393 | 2399323 | 3910070 |
| ആകെ | | | 7483847 |

നിർവ്വഹണം കാര്യക്ഷമമാക്കി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പ്രോജക്ടുകളുടെ ആധിക്യം- ചെലവ് കുറയുന്നു

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് സ്പിൽഓവർ ഉൾപ്പെടെ ആകെ 106 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 54 പ്രവൃത്തികൾ മാത്രമാണ് തൻവർഷം ചെയ്തിട്ടുള്ളത്. വകയിരുത്തിയ 29051153 രൂപയിൽ 11522108 രൂപ മാത്രമാണ് തൻവർഷം ചെലവ്. ( 40% )

വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്'ടുകൾ ആവിഷ്ക്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതിവിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നിശ്ചയിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. തൻവർഷം ഏറ്റെടുത്ത 56 പ്രവൃത്തികളുടെ അടങ്കൽ രണ്ട് ലക്ഷത്തിൽ താഴെയാണ്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികളടെ നിർവഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിലും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, നിർവ്വഹണ ഉദ്യോഗസ്ഥനും പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിൽ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള നിർവ്വഹണ പ്രക്രിയ പരിശോധിച്ചതിൽ വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം ലഭിച്ച പുതിയ 68 മരാമത്ത് പ്രവൃത്തികളിൽ 50 ഓളം പ്രവൃത്തികളിലും സാങ്കേതികാനുമതി 2018 ജൂലൈ മാസത്തിനകം ലഭിച്ചിട്ടും പദ്ധതികൾ കരാറുകാരെ ഏല്പിക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് പുതിയ പദ്ധതികളുടെ നിർവഹണത്തിലും പൂർത്തീകരണത്തിലും ലക്ഷ്യം കൈവരിയ്ക്കുന്നതിന് വിഘാതമായത്. എഗ്രിമെന്റ് രജിസ്റ്റർ

പരിശോധിച്ചതിൽ 68 പുതിയ പദ്ധതികളിൽ 58 എണ്ണത്തിന് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ കരാർ വച്ചത്. (സാമ്പത്തികവർഷത്തിന്റ ആദ്യമാസങ്ങളിൽ കരാർ വച്ചത് 41 പ്രവൃത്തികൾക്കാണ്. നവംബർ 2018 ൽ 7 എണ്ണത്തിലും, ഡിസംബർ 2018 ൽ 2 എണ്ണത്തിലും, ജനുവരി 19 ൽ 2എണ്ണത്തിലും,ഫെബ്രുവരിയിൽ 6 എണ്ണത്തിലും കരാറിൽ ഏർപ്പെട്ടു.)

പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയത് മേൽ സൂചിപ്പിച്ച സ്ഥിതിവിശേഷത്തിന് കാരണമായി. ചെറിയ ചെയിനേജിലും അടങ്കലിലുമുള്ള പൊതുമരാമത്ത് പദ്ധതികൾ രൂപീകരിക്കുന്നത് വഴി ടെണ്ടർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം കുറയുന്നതിനും ആത്യന്തികമായി ഇത് പദ്ധതികളുടെ ഗുണമേന്മയേയും പൂർത്തീകരണത്തെയും ബാധിക്കുന്നതിനും ഇടയാക്കി.

പ്രൊജക്ടുകളുടെ ആസൂത്രണവും സമയബന്ധിതമായ നിർവ്വഹണവും ഉറപ്പുവരുത്തുന്നതിന് ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തിക വർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്തിയിട്ടില്ല. നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. ഡി. പി. സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ഫണ്ട് നഷ്ടവും ഒഴിവാക്കാമായിരുന്നു.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ഫണ്ട് നഷ്ടത്തിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ അപാകത ഭാവിയിൽ ഒഴിവാക്കുന്നതിനായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നിയമങ്ങളും ചട്ടങ്ങളും തങ്ങളിലേല്പിച്ച ചുമതലകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്തേണ്ടതും, ആസൂത്രണം മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

## 1-22 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എസം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നതിലും നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥയാണ് ഉള്ളത്. കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെ വരുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെയോ അപ്ഡേറ്റ് ചെയ്യപ്പെടാതെയോ പോകുന്നതിനും ഇത് ഇടയാക്കും. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/ പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 വാട്ടർ ചാർജ്ജ് കുടിശ്ശിക-ഒടുക്കാനുള്ളത് 63.07 ലക്ഷം രൂപ

വാട്ടർ അതോറിറ്റിയുടെ നവംബർ 2019-ലെ ബിൽ പ്രകാരം വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ ഒടുക്കാനുള്ളത് 6307061 രൂപയാണ്. 2018-19 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 5 ലക്ഷം രൂപ വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ ഒടുക്കിയിരുന്നു. സർക്കാർ വികസന ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റിൽ നിന്നും ഈയിനത്തിൽ 439334 രൂപ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിരുന്നു. നിലവിൽ പ്രതിമാസ വാട്ടർ ചാർജ് ഒടുക്കുന്നുണ്ടെങ്കിലും ഫൈൻ ഉൾപ്പടെ കുടിശ്ശിക പെരുകുകയാണ്. ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഭീമമായ വാട്ടർ ചാർജ് കുടിശ്ശിക എങ്കിലും ഫലപ്രദമായ തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. തനത് വരുമാനം തീരെക്കുറവുള്ള ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് ഉപയോഗിച്ച് കുടിശ്ശികത്തുക ഒടുക്കുവാൻ കഴിയില്ല എന്നിരിക്കേ ഈ വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തുന്നതിന് ഫലപ്രദമായ നടപടികളില്ല

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 237 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 103688 രൂപയാണ് പ്രതിമാസം ഒടുക്ക് വരുത്തുന്നത്. വൻ തുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക്

വിധേയമാക്കപ്പെടുന്നില്ല. സംയുക്തപരിശോധന നടത്തി ജല ലഭ്യതയുള്ള കുടിവെള്ള പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി **സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തീയതി 30-5-2009** പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനു ശേഷം സംയുക്ത പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതില്ല. മറ്റുള്ള സ്ഥലങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2018-19 വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം 34 ഗുണഭോക്താക്കൾക്ക് ഗാർഹിക വാട്ടർകണക്ഷന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. 2018-19ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.69കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ

പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗാർഹിക കണക്ഷന് പ്രധാന്യം നൽകി, പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി ക്രീയാത്മക നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-25 സാക്ഷരതാ മിഷൻ പ്രേരകമാർക്ക് ഓണറേറിയം - തുക തിരികെ ഈടാക്കേണ്ടതാണ്

സാക്ഷരതാ മിഷൻ പ്രേരകമാരുടെ ഓണറേറിയം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 42592 രൂപ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. സാക്ഷരതാ മിഷന് ചെലവ് പത്രിക നൽകി ലഭിക്കാനുള്ള തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 എബിസി പ്രോഗ്രാം - വിനിയോഗ രേഖകളില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| ചെലവഴിച്ച തുക | 50000 (വികസന ഫണ്ട്) |
| ബിൽ നം & തീയതി | 13/19തീ.04.08.18 |

തെരുവുനായ നിയന്ത്രണത്തിനുള്ള എ.ബി.സി. പ്രോഗ്രാം പ്രകാരം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് ഒരു നായയ്ക്ക് 2100 രൂപ നിരക്കിൽ കുടുംബശ്രീ മിഷന് കൈമാറുന്നതിന് 05.05.2017-ലെ സ.ഉ.(സാധാ.) 1450/17/ത.സ്വ.ഭവ. നമ്പർ ആയി സർക്കാർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ടിൽ നിന്നും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 50000 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. കുടുംബശ്രീയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും

കുടുംബശ്രീ മിഷനിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്. വിനിയോഗരേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 50000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 ഗുണഭോക്താവിന്റേതല്ലാത്ത അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ നെൽകൃഷി വികസനം(55/2019) എന്ന പ്രോജക്ടിന്റെ ഭാഗമായി വളത്തിന് സബ്സിഡി അനുവദിക്കുന്നതിനായി 90000 രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം.7/19തീ.26.3.19). പ്രോജക്ട് പ്രകാരം 5000 രൂപ സബ്സിഡി ആനുകൂല്യത്തിന് അർഹയായ ശ്രീമതി ജയമ്മ ഹാജരാക്കിയ രേഖകൾ പ്രകാരം ടിയാളുടെ അക്കൗണ്ട് നമ്പർ 0718101060109 (കാനറാ ബാങ്ക്) ആണ്. എന്നാൽ തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് 0718101009246 എന്ന അക്കൗണ്ടിലേയ്ക്കാണ്. എന്നാൽ കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ അനുവദിച്ച 8000 രൂപ 0718101060109 നമ്പർ അക്കൗണ്ടിലേയ്ക്ക് തന്നെയാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. വളത്തിന് അനുവദിച്ച സബ്സിഡിത്തുക ഗുണഭോക്താവിന്റേതല്ലാത്ത അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/26.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദിച്ച 5000 രൂപ ഗുണഭോക്താവിന് ലഭിച്ചുവോ എന്നത് ഉറപ്പാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരാമർശത്തിൻമേൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ

(പി)നം.7/2016/ഫിൻ തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്കും 1/7/14 മുതൽ 31/1/16 വരെയുള്ള കാലയളവിൽ വിരമിച്ചവരുമായ ജീവനക്കാർക്കും അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കിയിട്ടില്ല.

ജി.ഒ (എം.എസ്) 205/90/എൽ.എ.ഡി/3.12.90, തദ്ദേശ ഭരണ വകുപ്പിന്റെ 26/6/08ലെ 54/40/EPI-2/07/ ത.സ്വ.ഭ.വ നം. സർക്കുലർ എന്നിവ പ്രകാരം എല്ലാ മാസവും 5ാം തീയതിയ്ക്ക് മുൻപായി പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കേണ്ടതാണെന്നും ഒടുക്കാതിരിക്കുന്നതുമൂലം സർക്കരിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ചശേഷം ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ച ജീവനക്കാരുടെ പേര്, തസ്തിക, അനുവദിച്ച അടിസ്ഥാന ശമ്പളകുടിശ്ശിക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല

പി.എച്ച്.സി.ലേക്കാവശ്യമായ മരുന്നു വാങ്ങൽ, സാന്ത്വന പരിചരണം എന്നീ പദ്ധതികൾ പ്രകാരം 3,20,000 രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. ലഭ്യമാക്കാനുള്ള മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം. & പേര് | പ്രഫോമ ഇൻവോയിസ് | പ്രഫോമ ഇൻവോയിസ് പ്രകാരമുള്ള തുക | ലഭ്യമാക്കാനുള്ള മരുന്നിന്റെ വിവരങ്ങൾ |
|---|---|---|---|
| S0015/19<br>സാന്ത്വനം പരിചരണം | PRF2450<br>dt. 16.11.18 | 50,000 | 50,000രൂപയുടെ മരുന്നും ഇതേവരെ ലഭ്യമാക്കിയിട്ടില്ല. |
| | PRF2146<br>dt. 5.11.18 | 1,20,000 | 67,254 രൂപയുടെ മരുന്ന് ലഭ്യമായി.<br>52746 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാനുണ്ട്. |
| S0016/19<br>പി.എച്ച്.സി.ലേക്ക് മരുന്നു വാങ്ങൽ | PRF915<br>dt. 14.8.18 | 1,00,000 | 59,784രൂപയുടെ മരുന്ന് ലഭ്യമായി.<br>40,216രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാനുണ്ട്. |
| | PRF2726<br>dt. 24.11.18 | 50,000 | 38,837 രൂപയുടെ മരുന്ന് ലഭ്യമായി.<br>11,163 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാനുണ്ട്. |

അശരണരും ശയ്യാവലംബരുമായ രോഗികൾക്ക് ബാക്കി മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതും മരുന്നു ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-30 ഭിന്നശേഷിക്കാർക്ക് ധനസഹായം -അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതി S07/18-19 പ്രകാരം 23 വിദ്യാർത്ഥികൾക്കാണ് തൻവർഷം സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. വികസന ഫണ്ട് 250000 രൂപയും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹതം ഇനത്തിൽ ഓരോ ലക്ഷം രൂപ വീതവും ഉൾപ്പെടെ ആകെ 450000 അടങ്കൽ ഉള്ള പദ്ധതി പ്രകാരം 375600 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഒരു ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചതിൽ 74400 രൂപ ചെലവഴിച്ചിട്ടില്ല. പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കെല്ലാം പരമാവധി തുക നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട അർഹരായ എല്ലാ ഭിന്നശേഷി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള ഭിന്ന ശേഷിക്കാരുടെ രജിസ്റ്റർ പ്രകാരം സ്കോളർഷിപ്പിന് അർഹരായ 35 വിദ്യാർത്ഥികളാണുള്ളത്. സ്കോളർഷിപ്പിനർഹരായ വിദ്യാർത്ഥികളുള്ള സാഹചര്യത്തിൽ പദ്ധതിക്കായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തത് പദ്ധതി നിർവ്വഹണത്തിൽ വന്ന വീഴ്ചയാണ്. ഭാവിയിൽ അർഹരായ ഏല്ലാ വിദ്യാർത്ഥികളേയും പദ്ധതിയിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ജെൻഡർ റിസോഴ്സ് സെന്റർ അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി

പഞ്ചായത്തിലെ വിവിധ വനിക ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഏകോപനം നടത്തുന്നതിനും വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾക്ക് ആനുകൂല്യം സംബന്ധിച്ച വിവരങ്ങൾ, ഫോറങ്ങൾ തുടർ നടപടികൾ എന്നിവ ലഭ്യമാക്കുന്നതിനായി ആരംഭിച്ച ടി സെന്റർ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും,

വാങ്ങിയ ഉപകരണങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സംവിധാനം ഉണ്ടോയെന്നും ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/27.11.2019) ലഭ്യമാക്കിയ മറുപടിയിൽ ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്ന മുറിയിലെ വയറിംഗ് പ്രളയത്തിൽ നശിച്ചതിനെ തുടർന്ന് റീ വയറിംഗ് നടത്തിയിട്ടില്ലത്തതിനാൽ വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് അറിയിച്ചു.

| | | |
|---|---|---|
| പദ്ധതി നം | : | s210/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | : | 2,50,000 |
| ചെലവ് | : | 1,12,400 |

ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി പ്രോജക്ട് നം. 210/18-19 പ്രകാരം 250000 രൂപ (വികസനഫണ്ട്-ജനറൽ) വകയിരുത്തിയതിൽ 112400 രൂപ ചെലവഴിച്ച് ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ ടെണ്ടർ നടപടിക്രമങ്ങളിലൂടെ സമാഹരിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | വില |
|---|---|---|
| 1 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ (1) | 42350 |
| 2 | കമ്പ്യൂട്ടർ ടേബിൾ (1) | 2800 |
| 3 | ലേസർ പ്രിന്റർ (1) | 12450 |
| 4 | ഫോട്ടോ കോപ്പിയർ (1) | 54800 |

| | | |
|---|---|---|
| | ആകെ | 112400 |

ഈ പദ്ധതി വ്യക്തമായ മുന്നൊരുക്കമില്ലാതെയാണ് നടപ്പാക്കിയതെന്നും. ജെൻഡർ റിസോഴ്സ് സെന്റർ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ ഇതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ലയെന്നും ഭൗതിക പരിശോധന നടത്തിയതിൽ വ്യക്തമായി. ഇലക്ട്രിക് കണക്ഷൻ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ്. പദ്ധതി പ്രകാരം വാങ്ങിയ ഫോട്ടോകോപ്പിയർ, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, ലേസർ പ്രിന്റർ എന്നിവ കെട്ട് പൊട്ടിക്കാത്ത അവസ്ഥയിലും സി.ഡി.എസ് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. അടിയന്തിരമായി അവശ്യ സൗകര്യങ്ങൾ ഒരുക്കി ഇലക്ട്രോണിക് ഉപകരണങ്ങൾ പ്രവർത്തനയോഗ്യമാക്കി ജെന്റർ റിസോഴ്സ് സെന്റർ പൊതുജനക്ഷേമത്തിനായി തുറന്നു പ്രവർത്തിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീപ്രൈമറി സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ലാത്തതും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണന്നും അക്കാര്യം കാണിച്ച് സർക്കുലറുകൾ പുറപ്പെടുവിക്കേണ്ടതാണന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 28.07.2016-ലെ സി.ആർ.എം.പി.3048/01/LA1/2016/KeSCPCR നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്ക്കൂളുകളും അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായി

വാങ്ങേണ്ടതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മോധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതുമാണന്ന് തദ്ദേശ സ്വയംഭരണ( ഇഡബ്ല്യൂ) വകുപ്പിന്റെ 30.12.2016-ലെ ഉത്തരവ് നം. 792455/ഇഡബ്ല്യൂ3/2016 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ക്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/20.11.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നം. go(rt)2427/2007/ge തീയതി 01.08.2007 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ എയ്ഡെഡ് സ്ക്കൂളുകളുടെ ഫിറ്റെനസ് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല LSGD എഞ്ചിനീയർക്ക് ആണ്. പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് അപ്പർ പ്രൈമറി സ്ക്കൂൾ വരെ 500 രൂപയും ഹൈസ്ക്കൂൾ മുതൽ 1000 രൂപയുമാണ് ഫീസ് ഈടാക്കേണ്ടത്. ഈ ഇനത്തിൽ യാതൊരു വരവും വാർഷിക ധനകാര്യ പത്രികയിലും രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും പഞ്ചായത്തു പരിധിയിലുള്ള സ്ക്കൂളുകൾ എല്ലാം 2018-19 അദ്ധ്യയന വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കുട്ടികളുടെ ജീവന് സുരക്ഷ ഉറപ്പാക്കാതെ സ്ക്കൂളുകൾ പ്രവർത്തിക്കുന്നുവെന്നുള്ളത് സ്ക്കൂൾ അധികൃതരുടെയും തദ്ദേശസ്വയം സ്ഥാപനത്തിന്റെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. അൺഎയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി ഫീസ് ഈടാക്കാത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് വരവിനത്തിലും നഷ്ടമുണ്ടായിട്ടുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. പരിഹാര നടപടിക്കായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13.06.2019 മുതൽ 15.06.2019 വരെ | കെ.എസ്.എ.പി.റ്റി.എ.പി1-602(16)/19 തീയതി 9.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 96000 | 104000 |
| ” | 2018-19 | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| ” | 2018-19 | 200000 | അങ്കണവാടി പോഷകാഹാരം | 176066 | 23934 |
| ” | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 25600 | 74400 |

| | | | | | |
|---|---|---|---|---|---|
| ” | 2018-19 | 245238 | ലൈഫ് ഭവന പദ്ധതി | 20000 | 225238 |
| ” | 2018-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 135832 | 64188 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 563388 | ലൈഫ് ഭവന പദ്ധതി | 0 | 563388 |
| ” | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ” | 2018-19 | 220000 | ആര്യാട്ട്-ഇടനില്ലത്ത് പടി സംരക്ഷണ ഭിത്തി നിർമ്മാണം | 0 | 220000 |
| ” | 2018-19 | 204700 | തോണിപ്പുഴയ്ക്കൽ പാലംപടി ഇളപ്പുങ്കൽ റോഡ് കോൺക്രീറ്റ് | 0 | 204700 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

- ഇല്ല -

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപങ്ങളില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2012-13 | 3.4.5 | തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് | ഖണ്ഡിക നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| - | - | 2012-13 | 2.4 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് | ഖണ്ഡിക നിലനിൽക്കുന്നു |
| - | - | 2016-17 | 2(1), 2(2), 2(3) | വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് | ഖണ്ഡിക നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52254209 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41206210 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി7/260/09തീയതി 24.9.09/27.7.10 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി5/302/11തീയതി 3.6.11/13.9.12 | 4 |
| 2011-12<br>2012-13 | എൽ.എഫ്.പി.റ്റി.എ.പി8/684/14തീയതി 19.11.14/12.1.15 | 3-11,3-12 |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി8/325/15 തീയതി 17.6.15/16.7.15 | 3-3,3-4,3-6,3-7,3-8,3-14 |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി8/733/16 തീയതി 8.7.16 | 2-1,2-2,2-3,3-1,3-3,3-7,3-8,3-9,3-10,3-12,3-14 |
| 2015-16 | കെഎസ്എ.പിറ്റിഎ.പി8/1208/16 തീയതി 18.11.16 | 22 |
| 2016-17 | കെഎസ്എ.പിറ്റിഎ.പി8/975/17 തീയതി 30.08.2017 | 25 |
| 2017-18 | കെഎസ്എ.പിറ്റിഎ.പി8/84/19 തീയതി 08.02.2019 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി8-8/1007/19 തീയതി:13.12.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖ. 1-11-ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

No.KSA.PTA.P8-1007/19 Dated:13.12.2019

Certified that I have examined the Annual Financial Statement of **Thottappuzhassery Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Thottappuzhassery Grama Panchayat** for the year 2018-19 except the obeservations in para 1-11, my report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**